# ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് തിരുവഞ്ചിക്കുളം ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ,

തിരുവഞ്ചിക്കുളം (**കൊടുങ്ങല്ലൂർ**) ഗ്രൂപ്പിന് കീഴിലുള്ള ശങ്കരമംഗലം ദേവസ്വം കീഴേടം വാതിൽമാടം ക്ഷേത്രഭൂമിയിലെ നിൽക്കുന്ന 13 തേക്ക് മരങ്ങളും, മുറിച്ച 2 തേക്ക് മരങ്ങളും കൂടി 15 തേക്ക് മരങ്ങൾ മുറിച്ചുമാറ്റി കൊണ്ടുപോകുന്നതിനുള്ള അവകാശത്തിന് ടെണ്ടർ ക്ഷണിക്കുന്നു.

ടെണ്ടർ സമർപ്പിക്കുവാൻ താൽപര്യമുള്ളവർ, സംഖ്യ രേഖപ്പെടുത്തി സീൽ ചെയ്ത കവറിൽ തിരുവഞ്ചിക്കുളം അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ **24/11/2025 3 പി.എം** ന് മുമ്പായി നിക്ഷേപിക്കേണ്ടതാണ്. ടെണ്ടറിനോടൊപ്പം ക്വോട്ട് ചെയ്യുന്ന സംഖ്യയുടെ **2.5%** സംഖ്യ തിരുവഞ്ചിക്കുളം ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷ്ണറുടെ പേരിൽ ധനലക്ഷ്മി ബാങ്കിന്റെ കൊടുങ്ങല്ലൂർ ശാഖയിൽ മാറാവുന്ന DD നിരതദ്രവ്യമായി അടക്കം ചെയ്യേണ്ടതാണ്. നിരതദ്രവ്യം അടക്കം ചെയ്യാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെണ്ടർ കവറിന് പുറത്ത് "തേക്ക് മരലേലം" എന്ന് പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്.

ലഭിച്ച ടെണ്ടറുകൾ അന്നേദിവസം **3.30 പി.എം** ന് അപ്പോൾ ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും കൂടുതൽ സംഖ്യ രേഖപ്പെടുത്തിയ വ്യക്തിയുടെ പേരിലുള്ള ടെണ്ടർ ഉറപ്പിക്കുന്നതിനായി ബഹു. ദേവസ്വം കമ്മീഷ്ണർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതും, ആയത് അംഗീകരിച്ച് വരുന്ന മുറക്ക് സംഖ്യ മുഴുവനും ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാണ്. ടെണ്ടർ ലഭിച്ച വ്യക്തി ടെണ്ടർ സംഖ്യക്ക് പുറമെ **18% GST, 5% FDT** എന്നിവ കൂടി അടക്കുവാൻ ബാദ്ധ്യസ്ഥനാണ്. ടെണ്ടർ ലഭിച്ച വ്യക്തി ദേവസ്വത്തിന്റേതല്ലാത്ത കാരണത്താൽ ടെണ്ടർ വേണ്ടന്നുവെക്കുന്നപക്ഷം നിരതദ്രവ്യം സംഖ്യ തിരികെ നൽകുന്നതല്ല.

ഏറ്റവും കൂടുതൽ സംഖ്യക്ക് ടെണ്ടർ സമർപ്പിച്ച വ്യക്തിയുടെയും, രണ്ടാമതായി കൂടുതൽ സംഖ്യക്ക് ടെണ്ടർ സമർപ്പിച്ച വ്യക്തിയുടെയും ഒഴികെ നിരതദ്രവ്യ സംഖ്യ അന്നുതന്നെ തിരികെ നൽകുന്നതും, രണ്ടാമതായി കൂടുതൽ സംഖ്യക്ക് ടെണ്ടർ സമർപ്പിച്ച വ്യക്തിയുടെ നിരതദ്രവ്യം ലേലം കൊണ്ട ആളുടെ ടെണ്ടർ അംഗീകരിച്ച് സംഖ്യ അടവ് വരുന്ന മുറക്ക് തിരികെ നൽകുന്നതാണ്. ടെണ്ടർ അംഗീകരിച്ച തിയ്യതി മുതൽ 10 ദിവസത്തിനകം ക്ഷേത്രത്തിലെ

സ്ഥാവരജംഗമ വസ്തുക്കൾക്കും സമീപവാസികളുടെ വീടിനും, മറ്റ് നിർമ്മിതികൾക്കോ യാതൊരു നാശനഷ്ടവും ഉണ്ടാകാതെ ലേലം കൊണ്ട വ്യക്തിയുടെ സ്വന്തം ഉത്തരവാദിത്വത്തിലും, ചിലവിലും മുറിച്ച് മാറ്റേണ്ടതും, ഏതെങ്കിലും തരത്തിൽ നാശനഷ്ടം ഉണ്ടാകുന്ന പക്ഷം അതിനുമേൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ടെണ്ടർ ലഭിച്ച വ്യക്തി പൂർണ്ണ ഉത്തരവാദിയും നിയമ നടപടികൾക്ക് വിധേയനാകുന്നതുമാണ്.

ഈ ടെണ്ടർ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ താൽപര്യമുള്ളവർ ശങ്കരമംഗലം ദേവസ്വം ഓഫീസിലോ, തിരുവഞ്ചിക്കുളം ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിലോ (കൊടുങ്ങല്ലൂർ) ഓഫീസ് പ്രവർത്തന സമയത്ത് അന്വേഷിച്ചാൽ അറിയാവുന്നതാണ്. ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ മാറ്റി വെക്കുന്നതിനോ മറ്റു ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനോ താഴെ ഒപ്പിടുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

മേൽപറഞ്ഞ തേക്ക് മരങ്ങൾക്ക് കേരള ഫോറസ്റ്റ് വകുപ്പ് നിശ്ചയിച്ച അടിസ്ഥാനവില **1208939/-ക** (പന്ത്രണ്ട് ലക്ഷത്തി എണ്ണായിരത്തി തൊള്ളായിരത്തി മുപ്പത്തി ഒമ്പത് രൂപ) ആണ്. ഏതെങ്കിലും കാരണവശാൽ ടെണ്ടർ നടത്തുവാൻ തടസ്സമുണ്ടാകുന്നപക്ഷം ടെണ്ടർ നിർത്തിവെച്ച് ബഹു. കൊച്ചിൻ ദേവസ്വം ബോർഡിന്റെ തീർപ്പിന് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ടി മരങ്ങളിൽ വസിക്കുന്ന പക്ഷികൾ അടക്കമുള്ള ജീവികളുടെ ജീവന് യാതൊരുവിധത്തിലുള്ള ഹാനിയും വരാത്തവിധം ആവശ്യമായ മുൻ കരുതലുകൾ എടുത്തതിന് ശേഷം മാത്രം മരങ്ങൾ മുറിക്കേണ്ടതാണ്.

**ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ**
**തിരുവഞ്ചിക്കുളം ഗ്രൂപ്പ്**

**ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ**
**തിരുവഞ്ചിക്കുളം ഗ്രൂപ്പ്**
**കൊടുങ്ങല്ലൂർ**
**തിയ്യതി : 13/11/2025**